## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6194 10.07.2012-ൽ മറുപടിയ്ക്ക്

## ഗസറ്റുകൾ പ്രധാന ഓഫീസുകളിൽ ലഭ്യമാക്കണമെന്ന ആവശ്യം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി. തിലോത്തമൻ** | | **ശ്രീ.കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഗസറ്റുകൾ താലൂക്ക് ഓഫീസുകൾ പോലെയുള്ള പ്രധാന ഓഫീസുകളിലേയ്ക്ക് അയക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതുമൂലം അവകാശ സർട്ടിഫിക്കറ്റ്പോലുള്ള ഏറെ പ്രധാനപ്പെട്ട സർട്ടിഫിക്കറ്റുകൾ കക്ഷികൾക്ക് കാലവിളം ബമില്ലാതെ കിട്ടുന്നതിന് സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഗസറ്റുകൾ യഥാസമയം ലഭിക്കാത്തതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാമോ ? | (ബി) | സാധാരണ തപാൽ നിരക്കിൽ ഗസറ്റുകൾ അയച്ചാൽ ആയത് സർക്കാരിന് താങ്ങാനാവാത്ത ബാദ്ധ്യതയാകും. അതിനാൽ ബന്ധപ്പെട്ട സർക്കാർ ഓഫീസുകൾ ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ നിന്നും നേരിട്ട് ഗസറ്റുകൾ ശേഖരിക്കാൻ നിർദ്ദേശം നൽകിയിരുന്നു. കേരള ഗസറ്റുകൾ www.egazette.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇതിൽ നിന്നും ആവശ്യമായ വിവരങ്ങൾ ആവശ്യക്കാർക്ക് ശേഖരിക്കാവുന്നതാണ്. പേര്മാറ്റം, മതംമാറ്റം, ജാതി തിരുത്തൽ (പാർട്ട് IV ൽ വരുന്ന വിജ്ഞാപനങ്ങൾ) അപേക്ഷകർക്ക് യഥാ സമയം ഗസറ്റുകൾ അയച്ചുകൊടുക്കുന്നുണ്ട്. കൺസഷൻ റേറ്റിൽ ഗസറ്റുകൾ അയയ്ക്കാൻ ആർ.എൻ.ഐ. രജിസ്ട്രേഷൻ ആവശ്യ മാണെന്ന് തപാൽ വകുപ്പ് അറിയിച്ചതിനെ തുടർന്ന് ടി രജിസ്ട്രേഷൻ എത്രയും വേഗം ലഭിക്കുന്നതിനുള്ള നടപടികൾ രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പർ ഓഫ് ഇൻഡ്യ, ന്യൂഡെൽഹി ആഫീസുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. ആർ.എൻ.ഐ. രജിസ്ട്രേഷൻ ലഭിച്ചാലുടൻ തന്നെ ഗസറ്റുകൾ തപാൽ മുഖേന ബന്ധപ്പെട്ട കേന്ദ്രങ്ങളിലേക്ക് അയയ്ക്കുന്നതാണ്. |

Vijaya Kumari
സെക്ഷൻ ഓഫീസർ